## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയുടെ പുരോഗതി</u>

471 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയ്ക്കും കാര്യക്ഷമതയ്ക്കും എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ അധികാരമേറ്റശേഷം ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകാമോ;

(ബി) സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>സഹകരണമേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട്</u>

472 ശ്രീ. പി. എ. മാധവൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത്;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണസംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

സഹകാരി സമ്പർക്ക പരിപാടി

473 ശ്രീ. റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകാരി സമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലമാണെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പരിപാടിയിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടിയെടുക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

ആശ്വാസ് 2012 പദ്ധതി

474 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ ആശ്വാസ് 2012 പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണസംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കര്‍ഷകര്‍ക്ക് പലിശ രഹിത വായ്പാ പദ്ധതി

475 ശ്രീ. സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ മേഖലയില്‍ ഹ്രസ്വകാല കാര്‍ഷിക വായ്പകള്‍ കൃത്യമായി തിരിച്ചടയ്ക്കുന്ന കര്‍ഷകര്‍ക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്‍കിയത്;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണസംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കർഷക സേവന കേന്ദ്രങ്ങൾ</u>

476 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ടി. എ. മാധവൻ
,, ആർ. സെൽവരാജ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കർഷക സേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) കർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം</u>

477 ശ്രീ. സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്
,, റ്റി. എന്‍. പ്രതാപന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനങ്ങള്‍ക്ക് നിത്യോപയോഗ സാധനങ്ങള്‍ വില കുറച്ച് നല്‍കാനായി സഹകരണ മേഖലയെ എപ്രകാരമാണ് ഈ സര്‍ക്കാര്‍ പ്രയോജനപ്പെടുത്തിയത്; വിശദമാക്കുമോ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കണ്‍സ്യൂമര്‍ ഫെഡും എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകള്‍ ഇതിനായി ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സഹകരണ മേഖലയുടെ പ്രവര്‍ത്തനങ്ങള്‍ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിര്‍ത്താന്‍ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നുള്ള വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

കണ്‍സ്യൂമര്‍ഫെഡിന്റെ ഹൈടെക് ക്ലിനിക്കുകള്‍

478 ശ്രീ. ഷാഫി പറമ്പില്‍
,, പാലോട് രവി
,, വര്‍ക്കല കഹാര്‍
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡ് ഹൈടെക്ക് ക്ലിനിക്കുകള്‍ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഹൈടെക് ക്ലിനിക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും എന്തെല്ലാമാണ്;

(സി) ചികിത്സാ രംഗത്തെ ചൂഷണം തടയാന്‍ പ്രസ്തുത ക്ലിനിക്കുകള്‍ എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ;

(ഡി) എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ക്ലിനിക്കുകളില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ ഫെഡ് ശക്തിപ്പെടുത്തുവാന്‍ നടപടി</u>

479 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ജെയിംസ് മാത്യൂ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ ഫെഡ്, ത്രിവേണി, നന്മ സ്റ്റോറുകളില്‍ ആവശ്യമായ നിത്യോപയോഗ സാധനങ്ങള്‍ ലഭ്യമല്ലെന്നും, ലഭിക്കുന്ന സാധനങ്ങള്‍ ഗുണമേന്മയില്ലാത്തതുമാണെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക തുക നല്‍കാത്തതുമൂലം വിതരണക്കാര്‍ കണ്‍സ്യൂമര്‍ ഫെഡിനും ത്രിവേണി, നന്മ സ്റ്റോറുകള്‍ക്കും സാധനങ്ങള്‍ നല്‍കുന്നില്ലെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) കണ്‍സ്യൂമര്‍ ഫെഡിന് നല്‍കാനുള്ള തുക യഥാസമയം സര്‍ക്കാര്‍ നല്‍കാറുണ്ടോ; ഇല്ലെങ്കില്‍ ഇതിന് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; സര്‍ക്കാര്‍ നല്‍കാനുള്ള മൊത്തം കുടിശ്ശിക എത്രയാണ്;

(ഇ) പൊതുവിപണിയില്‍ ഇടപെടുന്നതിന് കണ്‍സ്യൂമര്‍ ഫെഡ് ശക്തിപ്പെടുത്തുവാന്‍ എന്ത് നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്
<u>സഹകരണ സ്ഥാപനങ്ങളിൽ കോർ ബാങ്കിംഗ്</u>

480 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ക്രെഡിറ്റ് സ്ഥാപനങ്ങളിൽ, കോർ ബാങ്കിംങ് സംവിധാനത്തിൽ ഇതിനകം ഉൾപ്പെട്ടിട്ടുള്ളവ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ത്രീടിയർ ക്രെഡിറ്റ് സിസ്റ്റത്തിൽ ഏതെല്ലാം ടിയറിലുള്ള സ്ഥാപനങ്ങളാണ് പൂർണ്ണമായും കോർ ബാങ്കിംങ് സംവിധാനത്തിലെത്തിയിരിക്കുന്നത്;

(സി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് സ്വന്തം നിലയിൽ കോർ ബാങ്കിംങ് സംവിധാനത്തിൽ വരുവാനാവശ്യമായ അനുമതി നല്കിയിട്ടുണ്ടോ;

(ഡി) എല്ലാ വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംങ് സംവിധാനം എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ വായ്പാ ഇളവ്</u>

481 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ വായ്പാ പലിശ സംബന്ധിച്ച ഉത്തരവുകൾ ഇപ്പോഴും നിലവിലുണ്ടോ എന്നു വ്യക്തമാക്കാമോ; സഹകരണ ബാങ്കുകളിൽ നിന്നും അനുവദിക്കുന്ന വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ ഈടാക്കാൻ പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ;

(ബി) സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ആത്മഹത്യ ചെയ്ത ആളുകളുടെ പേരിലുള്ള സഹകരണ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതിനോ ഇളവുകൾ അനുവദിക്കുന്നതിനോ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി എന്ത് തുകയാണ് കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകൾ മുഖാന്തിരം വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോ; ഇതിനുള്ള പലിശയുടെ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്താമോ; വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് മുടങ്ങിയ കേസുകളിൽ സഹകരണ ബാങ്കുകൾ പലിശയിളവ് നൽകുന്നുണ്ടോ; ഏതു കാലയളവുമുതലുള്ളവർക്കാണ് പലിശയിളവ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ വായ്പാ തിരിച്ചടവ്</u>

482 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണ വും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം രജിസ്ട്രാറുടെ 73/13 നമ്പർ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിലെ വിശദാംശങ്ങൾ സർക്കുലറിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങളിൽ വായ്പാ തിരിച്ചടവ് തുക, പലിശ, നിക്ഷേപം തുടങ്ങിയവയിൽനിന്ന് ശമ്പളചെലവുകൾ നൽകാൻ പാടില്ലെന്ന് സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത സർക്കുലർപ്രകാരം, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എപ്രകാരം നൽകുവാൻ കഴിയുമെന്ന്
വിശദമാക്കുമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണസ്ഥാപനങ്ങൾ നൽകിയ കാർഷിക വായ്പ</u>

483 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിന് കീഴിലുള്ള സഹകരണസ്ഥാപനങ്ങൾ മുഖേന 2005-2006, 2009-2010, 2010-2011, 2012-2013 സാമ്പത്തിക വർഷങ്ങളിൽ കാർഷിക മേഖലയിൽ നൽകിയ വായ്പ എത്ര കോടി രൂപ വീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്നതു വിലക്കിയ കേന്ദ്ര സർക്കാർ നടപടി സംസ്ഥാനത്ത് ബാധകമാക്കിയിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളുടെ ശമ്പളചിലവുകൾ</u>

484 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ വായ്പ തിരിച്ചടവ് തുക, പലിശ, നിക്ഷേപം തുടങ്ങിയവയിൽ നിന്ന് ജീവനക്കാർക്ക് ശമ്പള ചെലവുകൾ നിർവ്വഹിക്കുവാൻ പാടില്ലെന്ന് രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്തായിരുന്നു; ഇത് സംബന്ധമായി സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സ്വന്തം ഫണ്ടിൽ നിന്ന് ശമ്പളചിലവുകൾ നിർവ്വഹിക്കാൻ പറ്റാത്ത എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്നും അവയിൽ ക്രെഡിറ്റ് മേഖലയിൽപ്പെട്ടവ എത്രയാണെന്നും അല്ലാത്തവ എത്രയാണെന്നും വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ എല്ലാംകൂടി മൊത്തം ജീവനക്കാർ എത്രയാണ്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സംഘങ്ങളിലെ ജീവനക്കാർക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണസ്ഥാപനങ്ങൾക്കുമേൽ ആദായനികുതി വകുപ്പിന്റ്റെ അനാവശ്യ ഇടപെടലുകൾ</u>

485 ശ്രീമതി പി.അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദായനികുതി വകുപ്പിന്റെ ഇടപെടലുകളും കർശന നടപടികളും സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിക്ഷേപം കുറയ്ക്കുന്നതായുളള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർ സഹകരണസ്ഥാപനങ്ങളോടും നിക്ഷേപകരോടും വൈരനിര്യാതനബുദ്ധിയോടു പെരുമാറുന്ന സാഹചര്യമുണ്ടോ;

(സി) സഹകരണ സ്ഥാപനങ്ങൾക്കുമേൽ ആദായനികുതി വകുപ്പിന്റെ അനാവശ്യ ഇടപെടലുകൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

സൗരോർജ സംവിധാനത്തിന് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പ

486 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സൗരോർജ സംവിധാനത്തിന് മുൻ വർഷം എത്ര രൂപ സഹകരണ സ്ഥാപനങ്ങൾ വഴി വായ്പ നൽകി; എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദനം സാധിച്ചു, ഈ ഇനത്തിൽ എത്ര സബ്സിഡി നൽകി; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണസ്ഥാപനങ്ങളിലെ അപ്രൈസർമാർ</u>

487 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണപ്പണയവായ്പ അനുവദിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ അപ്രൈസർമാരുടെ തസ്തിക സർക്കാർ അനുവദിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ സേവനവേതനവ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവു നൽകിയിട്ടുണ്ടോ;

(സി) അപ്രൈസർ തസ്തികസംബന്ധമായ പഠനങ്ങൾ നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, കമ്മിറ്റിയംഗങ്ങൾ ആരെല്ലാമെന്നും, കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയെന്നും, കമ്മിറ്റിയുടെ റിപ്പോർട്ട് സമയബന്ധിതമായി ലഭിക്കുന്നതിനും നടപ്പാക്കുന്നതിനും എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ</u>

488 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സഹകരണ ബാങ്കുകളിലും, മറ്റ് സഹകരണ സ്ഥാപനങ്ങളിലും എല്ലാ വിഭാഗങ്ങളിലുമായി ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് പറയാമോ;

(ബി) ഇവരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലും നിയമനങ്ങളിൽ നിയമാനുസരണമുള്ള സംവരണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളിൽ സംവരണ ചട്ടങ്ങൾ പാലിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം

489 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ ഈ സർക്കാർ പെൻഷൻപ്രായം അൻപത്തിഎട്ട് ആക്കിയിട്ടുണ്ട്; ഇവ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സ്ഥാപനങ്ങളാണോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കെ.എസ്.ആർ. ബാധകമാണോ ; അല്ലെങ്കിൽ ബാധകമായിട്ടുള്ള ചട്ടങ്ങൾ ഏതാണെന്ന് വ്യക്തമാക്കാമോ ;

(സി) പെൻഷൻ പ്രായം സംബന്ധിച്ച സർക്കാരിന്റെ പൊതുവായ നയത്തിന് വിരുദ്ധമായി സഹകരണ സംഘങ്ങളല്ലാത്ത സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ?

**കേരള നിയമസഭ**

**07.01.2014-ലെ മറുപടിക്ക്**

കൺസ്യൂമർ ഫെഡ്ഡിന്റെ ഫാർമസി കോളേജ്

490 ശ്രീ. വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഫാർമസി കോളേജ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന് ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) നീതിമെഡിക്കൽ സ്റ്റോറുകളുടെ വ്യാപകമായ പ്രവർത്തനത്തിന് ഇതിന്റെ പ്രവർത്തനം എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഏത് അദ്ധ്യയന വർഷം മുതലാണ് കോളേജിൽ ക്ലാസ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കണ്‍സ്യൂമര്‍ ഫെഡിന്റെ പ്രവര്‍ത്തനം

491 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അവശ്യസാധനങ്ങളുടെ വിലനിയന്ത്രണത്തില്‍ കണ്‍സ്യൂമര്‍ ഫെഡിന്റെ പങ്ക് എത്രത്തോളമാണെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) വിലനിലവാരം നിയന്ത്രിക്കുന്നതിന് ഈ വര്‍ഷം ഉല്‍സവകാല മാര്‍ക്കറ്റുകള്‍ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം കണ്‍സ്യൂമര്‍ ഫെഡിന്റെ ആസ്തി-ബാധ്യതകളില്‍ എന്ത് വ്യത്യാസമാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) കണ്‍സ്യൂമര്‍ ഫെഡിന്റെ പ്രവര്‍ത്തനങ്ങള്‍ കൂടുതല്‍ വിപുലീകരിക്കാന്‍ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡ് ഉൽപ്പന്നങ്ങൾക്കുള്ള സബ്സിഡി</u>

492 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് മുഖാന്തിരം ഏതൊക്കെ ഉൽപ്പന്നങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൺസ്യൂമർ ഫെഡിന്റെ ഷോപ്പുകളിൽ സ്ഥിരമായി സബ്സിഡി നൽകുന്നുണ്ടോ എന്ന കാര്യം വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപയുടെ സബ്സിഡിയാണ് കൺസ്യൂമർഫെഡ്/ഷോറൂമുകളിൽ കൂടി വിറ്റഴിച്ച സാധനങ്ങൾക്ക് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) കൺസ്യൂമർ ഫെഡിന്റെ ഷോറൂമുകളിൽ സ്ഥിരമായി സബ്സിഡി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.01.2014–ലെ മറുപടിക്ക്

കൺസ്യൂമർഫെഡ് വിറ്റുവരവ്

493 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 മുതൽ 2010 വരെ കൺസ്യൂമർഫെഡ് ഉൽസവ സീസണുകളിൽ നടത്തിയ ചന്തകളിലെ വിറ്റുവരവ് ഓരോ വർഷവും തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ സ്ഥാപനത്തിന് ഈ കാലയളവിൽ എന്ത് ലാഭം ലഭിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) 2013 ലെ ഉൽസവ സീസണിൽ കൺസ്യൂമർഫെഡ് എത്ര ചന്തകൾ നടത്തി എന്നും അവയിലൂടെ ലഭിച്ച വരുമാനം എത്രയായിരുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ക്രിസ്തുമസ് കാലത്ത് എത്ര ചന്തകൾ നടത്തി എന്നും അവ എവിടെയൊക്കെയായിരുന്നു എന്നും വ്യക്തമാക്കുമോ;

(ഇ) കൺസ്യൂമർ ഫെഡിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തായിരുന്നു പരാതി എന്നും അവ സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തൊക്കെ എന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>കണ്‍സ്യൂമര്‍ഫെഡ്ഡിലെ അഴിമതി</u>

494 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡ്ഡില്‍ എത്ര കോടി രൂപയുടെ അഴിമതിയാണ് കണ്ടുപിടിച്ചിട്ടുള്ളതെന്നും, സാധനങ്ങള്‍ മൊത്തമായി വാങ്ങിയ ഇനത്തില്‍ ഇടനിലക്കാര്‍ എത്ര കോടി രൂപ അനധികൃതമായി കൈപ്പറ്റിയിട്ടുണ്ടെന്നും, ഇതില്‍ എത്ര ജീവനക്കാര്‍ ഉള്‍പ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനങ്ങളിലെ കര്‍ഷകരില്‍ നിന്നും സാധനങ്ങള്‍ നേരിട്ടു വാങ്ങാനുള്ള നടപടികള്‍ സ്വീകരിക്കാന്‍ എന്താണു തടസ്സമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

കൺസ്യൂമർഫെഡിലെ വിജിലൻസ് റെയ്ഡ്

495 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ അന്നപൂർണ്ണ' എന്ന പേരിൽ അഡീഷണൽ ഡി.ജി.പി. യുടെ അന്വേഷണത്തിൽ നടന്ന പരിശോധനയിൽ കൺസ്യൂമർഫെഡിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ക്രമക്കേടുകളുടെ ഭാഗമായി കണ്ടെത്തിയ സാമ്പത്തിക നഷ്ടം സംബന്ധിച്ച് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൺസ്യൂമർ ഫെഡറേഷനിലെ ഏതെല്ലാം ജീവനക്കാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനത്തിൽ അനധികൃതമായി ആരെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും, അധികാര ദുർവിനിയോഗം നടത്തിയത് ആരൊക്കെയാണെന്നും അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ, വെളിവാക്കപ്പെട്ട വസ്തുതകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡ് പ്രസിഡന്റ്, വൈസ്പ്രസിഡന്റ് എന്നിവർക്കെതിരെയുള്ള കോടതിവിധി</u>

496 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് പ്രസിഡന്റായി ശ്രീ. ജോയി തോമസും, വൈസ് പ്രസിഡന്റായി ശ്രീ. എം. സുദർശനനും തൽസ്ഥാനത്ത് തുടരുന്നതിനെതിരെ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇവർ തൽസ്ഥാനങ്ങളിൽ നിന്നും മാറിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ്;

(ബി) കോടതി ഉത്തരവിന് ആധാരമായ സഹകരണ നിയമത്തിലെ ഭേദഗതി നിലവിൽ വന്നത് എന്നാണ്; പ്രസ്തുത തീയതി മുതൽ പ്രസിഡന്റും, വൈസ് പ്രസിഡന്റും കൈപ്പറ്റിയ ആനുകൂല്യങ്ങൾ നിയമവിരുദ്ധമാണെങ്കിൽ അവ തിരിച്ച് പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പിരിച്ചുവിടപ്പെട്ട സഹകരണസംഘങ്ങള്‍</u>

497 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഇതുവരെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ എത്ര സഹകരണസംഘങ്ങളില്‍ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) നിയമത്തില്‍ ഭേദഗതി വരുത്തിയതിനെത്തുടര്‍ന്ന് തെരഞ്ഞെടുക്കപ്പെട്ട എത്ര ഭരണസമിതികള്‍ പിരിച്ചുവിടപ്പെട്ടു; ജില്ലതിരിച്ചു വെളിപ്പെടുത്തുമോ;

(സി) പിരിച്ചുവിടപ്പെട്ട ഭരണസമിതികളെ പുന:സ്ഥാപിച്ചു കൊണ്ട് കോടതി വിധി പ്രസ്താവിച്ച കേസ്സുകള്‍ എത്രയാണ്;

(ഡി) ഭരണസമിതികള്‍ ഇല്ലാതെ അഡ്മിനിസ്ട്രേറ്റര്‍ ഭരണത്തിലോ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുടെ ഭരണത്തിലോ ഉള്ള സംഘങ്ങള്‍ എത്രയാണ്;

(ഇ) എത്ര സഹകരണസംഘങ്ങളുടെ ഭരണസമിതികളിലേയ്ക്ക് സര്‍ക്കാരോ, രജിസ്ട്രാറോ നോമിനേഷന്‍ നടത്തിയിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ പ്രവർത്തനം</u>

498 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുഷശേഷം 2013 ഡിസംബർ 31 വരെ രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾ എത്രയാണ്;

(ബി) അതിൽ പ്രവർത്തനം നിലച്ച് പോയത് എത്രയാണെന്നും, ലിക്വിഡേറ്റ് ചെയ്യപ്പെട്ടവ എത്രയാണെന്നും, രജിസ്റ്റർ ചെയ്തതും എന്നാൽ പ്രവർത്തനം ഇല്ലാത്തതുമായവ എത്രയാണെന്നും, ഇപ്പോൾ പ്രവർത്തിക്കുന്നവ എത്രയാണെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) സംഘങ്ങളുടെ പ്രവർത്തന സ്വഭാവമനുസരിച്ച് അവയെ തരം തിരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ പ്രവർത്തനം നടക്കുന്നതായി കരുതുന്ന എത്ര സംഘങ്ങൾ ഓരോ മേഖലയിലും ഉണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

ബാങ്കിംഗ് സേവനം

499 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ ബാങ്കിങ് സേവനം നടത്തരുതെന്ന നബാർഡ് നിർദ്ദേശത്തിനെതിരെ, സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ വിശദമാക്കി കേന്ദ്ര ധന മന്ത്രാലയത്തിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ്;

(ബി) നബാർഡ് എക്സിക്യുട്ടിവ് ഡയറക്ടർ വി. രാമകൃഷ്ണറാവു പുറത്തിറക്കിയ സർക്കുലർ സംസ്ഥാന സർക്കാരിന് ലഭിച്ചത് എപ്പോഴാണ്;

(സി) നബാർഡ് എക്സിക്യുട്ടീവ് ഡയറക്ടറുടെ, പ്രാഥമിക സഹകരണ സംഘങ്ങൾ ബാങ്കിംങ് സേവനം നടത്തരുതെന്ന സർക്കുലറിന്റെയും, അതിനെതിരെ കേന്ദ്ര ധന കാര്യ മന്ത്രാലയത്തിന് കേരള സർക്കാർ നൽകിയ വിശദമായ നിവേദനത്തിന്റെയും ഓരോ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നിവേദനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച മറുപടി എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

നഷ്ടത്തിലായ അഗ്രോ ബെയിസ്ഡ് സഹകരണ യൂണിറ്റുകൾ

500 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്രോ ബെയിസ്ഡ് ആയിട്ടുള്ള എത്ര സഹകരണ യൂണിറ്റുകൾ നഷ്ടത്തിൽ പ്രവർത്തിച്ചതിനാൽ പൂട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സഹകരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് സഹകരണ വകുപ്പ് എന്തെല്ലാം പുനരുദ്ധാരണ പാക്കേജാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിച്ചതിനാൽ പൂട്ടിക്കിടക്കുന്ന സഹകരണ യൂണിറ്റുകളുടെ കടം എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>സഹകരണ ബാങ്കുകളിലെ നിക്ഷേപം</u>

501 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മാർച്ചിൽ സഹകരണ ബാങ്കുകളിലെ അറ്റ നിക്ഷേപം എത്രയായിരുന്നു;

(ബി) 2011 മാർച്ചിലെ അറ്റനിക്ഷേപം എത്രയായിരുന്നു;

(സി) 2013 ഡിസംബറിലെ അറ്റ നിക്ഷേപം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം</u>

502 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മാർച്ചിൽ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര കോടി രൂപയാണ്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2011 മാർച്ചിൽ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര കോടി രൂപയായിരുന്നു;

(സി) 2013 ഡിസംബറിൽ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര കോടി രൂപയാണ്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കിട്ടാക്കടം വർദ്ധിക്കുകയാണോ ചെയ്തിട്ടുള്ളതെന്നും വർദ്ധിക്കാനുണ്ടായ കാരണങ്ങൾ എന്തെക്കെയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഹൗസിംഗ് ഫെഡറേഷൻ അംഗത്വം

503 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ എത്ര പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ എത്ര സംഘങ്ങൾക്ക് ഹൗസിംഗ് ഫെഡറേഷൻ അംഗത്വം നൽകിയിട്ടുണ്ട്;

(സി) പ്രാഥമിക സംഘങ്ങൾക്ക് അംഗത്വം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതടിസ്ഥാനത്തിലാണ് അംഗത്വം നിഷേധിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ഹൗസിംഗ് ഫെഡറേഷൻ എന്തെല്ലാം സഹായങ്ങളാണ് പ്രൈമറി സംഘങ്ങൾക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ കർഷകസേവന കേന്ദ്രങ്ങൾ</u>

504 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ആവശ്യമായ സഹകരണ കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നതിന് പുതിയ കർഷകസേവനകേന്ദ്രങ്ങൾ ആരംഭിക്കുമെന്നുള്ള ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര സേവനകേന്ദ്രങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(ബി) ആയതിനുവേണ്ടി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(സി) അടൂർ മണ്ഡലത്തിൽ കർഷകസേവനകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന കോ-ഓപ്പറേറ്റീവ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം</u>

505 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കോ-ഓപ്പറേറ്റീവ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ അംഗങ്ങളായിട്ടുള്ള സഹകരണ ജീവനക്കാർ എത്രയാണ് ;

(ബി) നാളിതുവരെയുള്ള കണക്കുകൾപ്രകാരം ബോർഡിന്റേതായി വിവിധ നിലയിൽ നിക്ഷേപിക്കപ്പെട്ട മൊത്തം തുക എത്രയാണ് ; ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര കാലത്തേയ്ക്ക് നിക്ഷേപിക്കുകയുണ്ടായി ;

(സി) ബോർഡിന്റെ ഹെഡ് ഓഫീസ്, റീജ്യണൽ ഓഫീസുകൾ തുടങ്ങിയവയ്ക്ക് വാടക ഇനത്തിൽ പ്രതിവർഷം എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു ; മുൻവർഷം ഈ ഇനത്തിലെ മൊത്തം ചെലവ് എത്രയായിരുന്നു ;

(ഡി) ബോർഡിന്റെ പ്രവർത്തനം പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ധാര പദ്ധതി

506 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണസംഘങ്ങളെ ശക്തിപ്പെടുത്താൻ പ്രഖ്യാപിച്ച 'ധാര' പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയത്; ഇതിലൂടെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് ഏത് തരത്തിലുള്ള പ്രയോജനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

അടൂർ മണ്ഡലത്തിലെ 'ധാര' പദ്ധതി

507 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അടൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ടായിരുന്ന 'ധാര' പദ്ധതി ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ പദ്ധതിയുടെ പരിധിയിൽ മണ്ഡലത്തിലുള്ള ഏതെല്ലാം സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിവരം, സംഘങ്ങളുടെ പേരും ലഭ്യമാക്കിയ സേവനങ്ങളും കടത്തിന്റെ വിവരങ്ങളും സഹിതം വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കൈത്തറി മേഖലയ്ക്ക് വകയിരുത്തിയ തുക

508 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയ്ക്കു വേണ്ടി 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര കോടി രൂപ ഏതെല്ലാം ഇനത്തിൽ 2013 ഡിസംബർ വരെ ചെലവഴിച്ചുവെന്നും 2012-13 സാമ്പത്തിക വർഷം കൈത്തറി മേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും ഇതിൽ എന്തു തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ കടബാദ്ധ്യത തീർക്കുവാൻ കേന്ദ്ര ഗവൺമെന്റ് 25 കോടി രൂപ അനുവദിച്ചിരുന്നുവോ; പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കാൻ നടപടി

509 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കാസർകോട് ജില്ലയിൽ എത്ര നെയ്ത്ത് സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും റിബേറ്റിനത്തിൽ എന്ത് കുടിശ്ശികയാണ് സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) റിബേറ്റിനത്തിൽ നൽകുവാനുള്ള തുക അടിയന്തരമായി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നന്മ സ്റ്റോറുകള്‍</u>

510 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര നന്മ സ്റ്റോറുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പുതുതായി എത്ര നന്മ സ്റ്റോറുകള്‍ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി ആരംഭിച്ച നന്മ സ്റ്റോറുകളിലെ ജീവനക്കാരുടെ നിയമനരീതി വ്യക്തമാക്കുമോ;

(ഡി) നന്മ സ്റ്റോറുകളിലെ ജീവനക്കാര്‍ക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നന്മ സ്റ്റോറുകളിലെ ക്രമക്കേടുകൾ</u>

511 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ പ്രവർത്തിക്കുന്ന നന്മ സ്റ്റോറാണെന്നും , എന്തു തുകയുടെ ക്രമക്കേടാണെന്നും, ക്രമക്കേടു നടത്തിയവരുടെ പേരു വിവരവും, ക്രമക്കേടു നടത്തിയവർക്കെതിരെ ഏതെല്ലാം തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നതും വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഖാദി ഉത്പാദന വിപണന രംഗത്തെ നേട്ടങ്ങൾ

512 ശ്രീ. സണ്ണി ജോസഫ്
'' അൻവർ സാദത്ത്
'' എ. റ്റി. ജോർജ്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഉത്പാദന വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട്;

(ബി) ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനമായി എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര ശതമാനം വർദ്ധനയാണ് വിപണനരംഗത്ത് ഉണ്ടായത്; വിശദമാക്കുമോ;

(ഡി) ഈ നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഖാദിമേഖലയ്ക്ക് വകയിരുത്തിയ തുക

513 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിമേഖലയ്ക്ക് 2012-13-ൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും ഏതെല്ലാമിനത്തിൽ എന്ത് തുക വീതം ചെലവഴിച്ചു എന്നും വിശദമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചർക്കകൾ, തറികൾ എന്നിവ എത്ര വീതമാണെന്നും എത്ര തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(സി) ഒരു വർഷം എത്ര കോടി രൂപയുടെ ഖാദി വിപണിയിൽ ആവശ്യമുണ്ടെന്ന് കണക്കാക്കിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ ഖാദി ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നദീജലത്തിലെ മാലിന്യം</u>

514 ശ്രീ. പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദികളിലെ ജലത്തിന്റെ മാലിന്യത്തോത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിധത്തിലുള്ള മാലിന്യങ്ങളാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കുടിവെള്ള സ്രോതസ്സായി ഉപയോഗപ്പെടുത്തുന്ന നദീജലത്തിന്റെ മാലിന്യത്തോത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഏറ്റവുമധികം മലിനീകരണമുള്ള നദികളേതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>മാലിന്യസംസ്കരണ കേന്ദ്രങ്ങൾ</u>

515 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്വകാര്യ സഹകരണത്തോടെയും കേന്ദ്ര സർക്കാർ സബ്സിഡി പ്രയോജനപ്പെടുത്തിയും ബയോമെഡിക്കൽ മാലിന്യസംസ്കരണത്തിനായി പൊതു ബയോമെഡിക്കൽ മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഇത്തരം മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിച്ചുവെന്നറിയിക്കുമോ ;

(സി) എന്ത് തുക പദ്ധതിക്കായി നിലവിൽ വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) നാളിതുവരെ എന്ത് തുക ഏതെല്ലാം ഇനത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ചുവെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കശുവണ്ടി ഫാക്ടറിയിലെ മലിനീകരണ നിയന്ത്രണം

516 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി കശുവണ്ടി ഫാക്ടറികൾ ആരംഭിക്കുന്നതിലേക്കായി മലിനീകരണ നിയന്ത്രണ വകുപ്പിന്റെ അനുവാദവും, എൻ.ഒ.സിയും ആവശ്യമുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി അനുശാസിക്കുന്ന നിബന്ധനകൾ എന്തൊക്കെയാണ്;

(സി) കശുവണ്ടി ഫാക്ടറികൾ ആരംഭിക്കുമ്പോൾ പരിസരവാസികളുടെയും, പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>മണ്ണെണ്ണ ഉപയോഗിച്ച് പ്രവര്‍ത്തിക്കുന്ന വാഹനങ്ങള്‍</u>

517 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലിനീകരണ നിയന്ത്രണ ബോര്‍ഡിന്റെ നിലവിലുള്ള മാനദണ്ഡപ്രകാരം മണ്ണെണ്ണ ഉപയോഗിച്ച് പ്രവര്‍ത്തിക്കുന്ന വാഹനങ്ങള്‍ അനുവദനീയമാണോ;

(ബി) ഇല്ലെങ്കില്‍, ഇത്തരത്തില്‍ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത് കാര്യക്ഷമമാക്കുന്നതിന് മോട്ടോര്‍ വാഹന വകുപ്പുമായി യോജിച്ചു പ്രവര്‍ത്തിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ഇലക്ട്രിക്കൽ ശ്മശാനം സംബന്ധിച്ച റിപ്പോർട്ട്</u>

518 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പൊതു ഇലക്ട്രിക്ക് ശ്മശാന നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് തിരുവനന്തപുരം ജില്ലാ കളക്ടർ മലിനീകരണ നിയന്ത്രണ ബോർഡിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിലെ വിവരങ്ങൾ വിശദമാക്കാമോ?